**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരഗ്രാമാസൂത്രണ വകുപ്പ് - ശ്രീ. പി. ദിവാകരൻ - ഡഫേദാർ - ശൂന്യവേതനാവധി അനുവദിച്ച് - ഉത്തരവാകുന്നു.

==========================================================================

**തദ്ദേശ സ്വയംഭരണ (ഇയു) വകുപ്പ്**

സ.ഉ.(സാധ)നം. 2713/2013/തസ്വഭവ. തീയതി, തിരുവനന്തപുരം, 05.11.2013

==========================================================================

പരാമർശം:- മുഖ്യനഗരാസൂത്രകന്റെ 24.11.2011-ലെ എ1-6059/2010(7) നമ്പർ കത്തു പ്രകാരം ലഭ്യമായ ശ്രീ.പി. ദിവാകരൻ, ഡഫേദാറുടെ 19.01.2011, 18.10.2011 എന്നീ തീയതികളിലെ അവധി അപേക്ഷകളും 1.2.2012, 16.4.2012 എന്നീ തീയതികളിലെ മുഖ്യനഗരാസൂത്രകന്റെ റിപ്പോർട്ടുകളും.

**<u>ഉത്തരവ്</u>**

മുഖ്യനഗരാസൂത്രകന്റെ പരാമർശത്തിലെ കത്തിന്റെയും റിപ്പോർട്ടുകളുടേയും വെളിച്ചത്തിൽ ശ്രീ.പി. ദിവാകരൻ, ഡഫേദാർ മെഡിക്കൽ സർട്ടഫിക്കറ്റിന്റെ അടിസ്ഥാനത്തിലുള്ള ശൂന്യവേതനാവധി അനുവദിക്കുന്നതിലേയ്ക്കായി സമർപ്പിച്ച അപേക്ഷ സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി.

ശ്രീ.പി. ദിവാകരൻ ഓരോ ഘട്ടത്തിലേയ്ക്കുമുള്ള അവധിയ്ക്ക് അപേക്ഷ സമർപ്പിച്ചിരിക്കുന്നത് അവധി കാലയളവിന് ശേഷമായതിനാൽ 14.06.1994-ലെ സർക്കുലർ നം. 36/94/ധന പ്രകാരമുള്ള രണ്ടാം വൈദ്യപരിശോധനയ്ക്കുള്ള അവസരം നഷ്ടമായിരിക്കുന്നതിനാലും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നല്കി സർവ്വീസിൽ പ്രവേശിച്ചതിന് തൊട്ടടുത്ത ദിവസം മുതൽ വീണ്ടും അനധികൃത ഹാജരില്ലായ്മയിൽ പ്രവേശിച്ചതിനാലും മെഡിക്കൽ സർട്ടിഫിക്കറ്റിൻമേലുള്ള ശൂന്യവേതനാവധിയ്ക്ക് അർഹതയില്ല. മേൽ സാഹചര്യത്തിൽ ടിയാൻ അപേക്ഷിച്ചിരിക്കുന്ന കാലയളവുകളിലേയ്ക്ക് (21.08.2010 മുതൽ 18.01.2011 വരെ, 20.01.2011 മുതൽ 17.10.2011 വരെ, 19.10.2011 മുതൽ 12.03.2012 വരെ, 01.09.2012 മുതൽ

14.04.2013 വരെ) മെഡിക്കൽ സർട്ടിഫിക്കറ്റിൻമേലല്ലാതെ ഇൻക്രിമെന്റ്, ഹയർഗ്രേഡ്, പെൻഷൻ, ആർജിതാവധി എന്നിവയ്ക്ക് കണക്കാക്കാനാവില്ല എന്ന വ്യവസ്ഥയോടെ KSR ഭാഗം I ചട്ടം 88 പ്രകാരം ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

**പി. റംലത്ത്,**
**അണ്ടർ സെക്രട്ടറി**

മുഖ്യനഗരാസൂത്രകൻ, തിരുവനന്തപുരം.
ശ്രീ.പി. ദിവാകരൻ, ഡഫേദാർ, മുഖ്യനഗരാസൂത്രകന്റെ കാര്യാലയം, തിരുവനന്തപുരം. (മുഖ്യനഗരാസൂത്രകൻ വഴി)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ / ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**